"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 23-04-2021

**സർക്കുലർ നം 26**

കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് ഫുഡ് നിർമ്മാണ യൂണിറ്റിലെ ഏകദേശം 2 ലക്ഷത്തോളം രൂപ കളവ് പോയതായ വിവരം ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ജയിൽ വകുപ്പിൻറെ കീഴിൽ പ്രവർത്തിപ്പിക്കുന്ന ഫുഡ് നിർമ്മാണ യൂണിറ്റ്, പെട്രോൾ പമ്പ് യൂണിറ്റ്, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന തുക, ബാങ്ക്/ട്രഷറിയിൽ അതാത് ദിവസം തന്നെ അടക്കുന്നതിൽ കാല താമസം വരുകയോ വീഴ്ച്ച വരുകയോ ചെയ്യുന്നത് മൂലമാണ് ഇത്തരത്തിൽ വലിയ തുകകൾ കൈവശം സൂക്ഷിക്കേണ്ടി വരുന്നത്. പണം കൈകാര്യം ചെയ്യുന്നതിൽ സർക്കാർ ഉദ്യോഗസ്ഥർ ചട്ടപ്രകാരം സ്വീകരിക്കേണ്ട എല്ലാ മുൻ കരുതലുകളും മേൽ പറഞ്ഞ യൂണിറ്റുകളിലെ വരുമാനം കൈകാര്യം ചെയ്യുമ്പോഴും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്. ബാങ്ക്/ട്രഷറി സമയത്തിനുള്ളിൽ പരമാവധി തുക അക്കൌണ്ടിൽ ഒടുക്കേണ്ടതും അപ്രകാരം ചെയ്യാൻ സാധിക്കാതെ വരുന്ന പണം ഉത്തരവാദിത്വത്തോടേയും സുരക്ഷിതമായും പ്രത്യേകം ലോക്കറുകളിൽ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ് : ഡി.ഐ.ജി ഓഫ് പ്രിസൺസ് ആൻ്റ് കറക്ഷണൽ സർവ്വീസസ്
ദക്ഷിണ മേഖല/ മദ്ധ്യ മേഖല / ഉത്തര മേഖല

DIG(HQ)-10077/2021/PrHQ

ee5697